Draft #4 of File D/1829/24/GPC-KSRGD Approved by Principal on 07-May-2024 01:41 PM - Page 1

**സർക്കാർ പോളിടെക്നിക്ക് കോളേജ്, കാസറഗോഡ്**
പി.ഒ.പെരിയ - 671320

നമ്പർ.D/1829/2024 — തീയ്യതി: 07.05.2024

## കോളേജ് കാന്റീൻ ക്വട്ടേഷൻ പരസ്യം

പെരിയയിലുള്ള കാസറഗോഡ് സർക്കാർ പോളിടെക്നിക്ക് കോളേജിലെ കാൻറീൻ 01/06/2024 മുതൽ 31/05/2026 വരെയുള്ള കാലയളവിലേക്ക് നിബന്ധനകൾക്ക് വിധേയമായി ഏറ്റെടുത്ത് നടത്തുന്നതിന് വ്യക്തികൾ, സ്ഥാപനങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവരിൽ നിന്നും മുദ്ര വെച്ച ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു. ക്വട്ടേഷൻ സംബന്ധിച്ച വിശദാംശങ്ങൾ കോളേജ് നോട്ടിസ് ബോർഡിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. ക്വട്ടേഷൻ ലഭിക്കേണ്ട അവസാന തീയ്യതി 22.05.2024, രാവിലെ 11.00 മണി വരെയായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് 04672234020, 9400006458 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

GOVT. POLYTECHNIC COLLEGE
Date.....................
PERIYA-671 320
KASARAGOD

പ്രിൻസിപ്പാൾ
PRINCIPAL
GOVT. POLYTECHNIC COLLEGE
KASARAGOD
PERIYA-671 320

പകർപ്പ്:-

1. സെക്രട്ടറി പുല്ലൂർ പെരിയ ഗ്രാമ പഞ്ചായത്ത്
2. സെക്രട്ടറി, പള്ളിക്കര ഗ്രാമ പഞ്ചായത്ത്
3. സെക്രട്ടറി, അജാനൂർ ഗ്രാമ പഞ്ചായത്ത്
4. സെക്രട്ടറി, ഉദുമ ഗ്രാമ പഞ്ചായത്ത്
5. സെക്രട്ടറി, കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത്
6. ഡിസ്ട്രിക് മിഷൻ കോർഡിനേറ്റർ, കുടുംബശ്രീ, വിദ്യാനഗർ, കാസറഗോഡ് ജില്ല
7. വില്ലേജ് ഓഫീസർ, വില്ലേജ് ഓഫീസ് പെരിയ.
8. പോസ്റ്റ് മാസ്റ്റർ. പെരിയ പോസ്റ്റ് ഓഫീസ്.
9. കോളേജ് നോട്ടീസ് ബോർഡ്
10. പോളിടെക്നിക് കോളേജ് കാൻറീൻ
11. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, കാസറഗോഡ് (ആമുഖ കത്ത് സഹിതം)

**Approval Valid**

Digitally Approved By
Narayana Naik P
Date: 07.05.2024
Reason: Approved

The document is digitally approved. Hence signature is not needed.

നമ്പർ:D/1829/2024 തീയ്യതി: 07.05.2024

## കോളേജ് കാന്റീൻ ക്വട്ടേഷൻ നോട്ടീസ്

പെരിയയിലുള്ള കാസറഗോഡ് സർക്കാർ പോളിടെക്നിക്ക് കോളേജിലെ കാൻറീൻ താഴെ കൊടുത്തിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി നടത്തുന്നതിന് താൽപര്യമുള്ള വ്യക്തികൾ, സ്ഥാപനങ്ങൾ, കുടുംബശ്രീ സംരംഭകർ മുതലായവരിൽ നിന്നും മുദ്ര വെച്ച ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു.

### പോളിടെക്നിക് കോളേജ് കാന്റീൻ നടത്തിപ്പുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ

1. ഈ ക്വട്ടേഷൻ പ്രകാരമുള്ള കരാർ (01/06/2024 മുതൽ 31/05/2026 വരെ) രണ്ട് വർഷത്തേക്കായിരിക്കും.

2. കാൻറീൻ ക്വട്ടേഷനിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ കോളേജ് ഓഫീസിൽ നിന്നും ലഭ്യമാകുന്ന നിശ്ചിത മാതൃകയിലുള്ള അപേക്ഷയിൽ നിരക്ക് രേഖപ്പെടുത്തി കവറിന് പുറത്ത് കാൻറീൻ നടത്തിപ്പിനുള്ള ക്വട്ടേഷൻ (01/06/2024 മുതൽ 31/05/2026 വരെ) എന്ന് രേഖപ്പെടുത്തി 22.05.2024 ന് 11.00 മണിക്ക് മുമ്പായി ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

3. കാന്റീൻ നടത്തിപ്പ് തൃപ്തികരമല്ലെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം, മേൽ കാലയളവ് പൂർത്തിയാകുന്നതിന് മുമ്പ് തന്നെ ഏത് സമയത്തും കരാർ റദ്ദാക്കുവാനുള്ള അധികാരം കോളേജ് പ്രിൻസിപ്പാളിൽ നിക്ഷിപ്തമായിരിക്കും.

4. കരാർ കാലയളവിൽ കാന്റീനിന്റെ പ്രതിമാസ വാടക നിരക്ക് 2024-25 വർഷത്തിൽ (01/06/2024 മുതൽ 31/03/2025 വരെ)] Rs.3310/- (മൂവായിരത്തി മുന്നൂറ്റി പത്ത് രൂപ മാത്രം) രൂപയായിരിക്കും. തുടർന്ന് ഓരോ സാമ്പത്തിക വർഷവും വാടകയുടെ 5% വർദ്ധനവ് വരുത്തിയ നിരക്കിൽ പ്രതിമാസ വാടക അടക്കാൻ ബാധ്യസ്ഥമായിരിക്കും. സർക്കാർ വാടകയിനത്തിൽ വരുത്തുന്ന മാറ്റങ്ങൾ കാന്റീൻ വാടക നിരക്കിനും ബാധകമായിരിക്കും. ഓരോ മാസവും അഞ്ചാം തീയ്യതിക്കകം അതാതു മാസത്തെ വാടക കോളേജ് ഓഫീസിൽ ഒടുക്കി രസീതി കൈപ്പറ്റേണ്ടതാണ്. ഈ വാടക നിരക്ക് പൊതുമരാമത്ത് വകുപ്പ് വാടക നിരക്ക് പുതുക്കി നിശ്ചയിക്കുന്നത് വരെ മാത്രമായിരിക്കും. പൊതുമരാമത്ത് വകുപ്പ് നിശ്ചയിക്കുന്ന വാടക കൂടുതലാണെങ്കിൽ പ്രസ്തുത നിരക്കിലും തിയ്യതിയും പ്രാബല്യത്തിൽ കരാറുകാരൻ തുക ഒടുക്കാൻ ബാധ്യസ്ഥനായിരിക്കുന്നതാണ്.

5. മേൽ കാലയളവിലേക്ക് സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകയായി 7500/- രൂപ കരാറുകാരൻ കരാർ ഉറപ്പിക്കുന്ന മുറക്ക് ഓഫിസിൽ ഒടുക്കി രസീതി കൈപ്പറ്റേണ്ടതാണ്.

6. വൈദ്യുതി ചാർജ്ജിനത്തിൽ ഉപഭോഗത്തിനെ അടിസ്ഥാനമാക്കിയുള്ള കേന്റീനിൽ സ്ഥാപിച്ച മീറ്റർ പ്രകാരമുള്ള ബിൽ തുക സമയ പരിധിക്കകം തന്നെ ഒടുക്കുകയും രസീതിയുടെ പകർപ്പ് ഓഫിസിൽ ഹാജരാക്കേണ്ടതുമാണ്.

7. വാടക, വൈദ്യുതി ചാർജ്ജ് ഇനങ്ങളിൽ വീഴ്ച വരുത്തുന്നത് പക്ഷം യാതൊരു മുന്നറിയിപ്പുമില്ലാതെ കരാർ റദ്ദാക്കുന്നതായിരിക്കും.

8.കാന്റീൻ നടത്തിപ്പിനാവശ്യമായ ഫർണ്ണീച്ചറുകളും പാത്രങ്ങളും ഇന്ധനവസ്തുക്കളും കരാറുകാരൻ സ്വന്തം ചെലവിൽ ഒരുക്കേണ്ടതാണ്.

9. കോളേജ് ലഭ്യമാക്കുന്ന ഫർണ്ണീച്ചറുകളും മറ്റ് വസ്തുക്കളും രസീത് നൽകി ഏറ്റെടുക്കേണ്ടതും കരാർ അവസാനിക്കുന്ന മുറയ്ക്ക് യാതൊരു കേടുപാടുമില്ലാതെ തിരികെ ഏല്പിക്കേണ്ടതുമാണ്.

10. കാന്റീൻ നടത്തിപ്പിനാവശ്യമായ വെള്ളം മറ്റൊരു ക്രമീകരണം നിലവിൽ വരുന്നത് വരെ കോളേജ് ജലവിതരണ സംവിധാനത്തിൽ നിന്നും നിശ്ചിത നിരക്ക് ഈടാക്കി ലഭ്യമാക്കുന്നതാണ്. വെള്ളം പാഴായിപ്പോകുന്നത് ഒഴിവാക്കേണ്ടതാണ്. കുടിക്കുവാൻ ചൂട് വെള്ളം മാത്രം നൽകേണ്ടതുമാണ്.

11.കാന്റീനിന്റെ നിയമപരമായ നടത്തിപ്പിനും ശുചിത്വത്തിനും മറ്റുമായുള്ള സംവിധാനങ്ങൾ, പേപ്പർ വർക്കുകൾ മുതലായവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യ വിഭാഗം, ഭക്ഷ്യ സുരക്ഷാ വകുപ്പ് യഥാസമയം നിർവ്വഹിക്കുന്നതിനും പരിപാലിച്ച് പോകുന്നതിനും കരാറുകാരൻ ബാധ്യസ്ഥരാണ്. കാൻറീനിന്റെ പരിപൂർണ്ണമായ നടത്തിപ്പിനും ശുചിത്വത്തിനുമായി പഞ്ചായത്ത് അധികൃതർ, ഭക്ഷ്യസുരക്ഷാ വകുപ്പിലെ ഫുഡ് ഇൻസ്പെക്ടർമാർ എന്നിവരുടെ പരിശോധനയ്ക്ക് വിധേയമാകേണ്ടതും വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതുമാണ്.ഭക്ഷ്യ സുരക്ഷാ വകുപ്പിൽ നിന്നുള്ള Food Safety Certificate കരാറുകാരൻ/കരാറുകാരി/സ്ഥാപനം കരസ്ഥമാക്കേണ്ടതും പകർപ്പ് ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്.

12. ക്വട്ടേഷൻ പ്രകാരം കാന്റീൻ നടത്തിപ്പവകാശം ലഭിച്ച കരാറുകാരൻ കരാരുകാരി /സ്ഥാപനം കാന്റീൻ നടത്തിപ്പിനാവശ്യമായ വ്യവസ്ഥകൾ തയ്യാറാക്കിയ കരാർ 29.05.2024 ന് മുമ്പായി പ്രിൻസിപ്പാൾ സമക്ഷം സമർപ്പിക്കേണ്ടതും ഓഫീസ് നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതുമാണ്. വ്യവസ്ഥകൾ സംബന്ധിച്ച മാതൃക കോളേജ് ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

13. നിശ്ചയിച്ചിട്ടുള്ള കാലാവധിക്ക് മുമ്പ് കരാറുകാരൻ കാന്റീൻ നടത്തിപ്പിൽ നിന്നും ഏകപക്ഷീയമായി പിന്മാറുകയോ കാന്റീനിൽ മറ്റ് നാശ നഷ്ടങ്ങൾ വരുത്തുകയോ ചെയ്യുന്ന പക്ഷം, ഡെപ്പോസിറ്റ് തുക സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതും മറ്റ് നിയമ നടപടികൾ സ്വീകരിക്കുന്നതുമായിരിക്കും.കാൻറീൻ ഏറ്റെടുത്ത കരാറുകാരൻ/കരാറുകാരി/സ്ഥാപനം, കാൻറീൻ നടത്തിപ്പിൽ നിന്നും പിന്മാറുന്ന പക്ഷം 2 മാസം മുമ്പ് തന്നെ പ്രിൻസിപ്പാൾ മുമ്പാകെ രേഖാമൂലം അറിയിപ്പ് നൽകേണ്ടതാണ്.

14. കാന്റീൻ പ്രവർത്തനങ്ങൾ പ്രിൻസിപ്പാൾ നിയമിക്കുന്ന കാന്റീൻ മോണിറ്ററിംഗ് കമ്മറ്റിയുടെ പരിപൂർണ്ണ മേൽ നോട്ടത്തിലും നിയന്ത്രണത്തിലുമായിരിക്കും.

15. കരാർ കാലയളവിൽ കരാർ ഉത്തരവിനൊപ്പം ഉൾക്കൊള്ളിച്ചിട്ടുള്ള ഭക്ഷ്യ ഇനങ്ങൾ നിശ്ചിത അളവിലും തൂക്കത്തിലും നിരക്കിലും പാകം ചെയ്ത് വിതരണം ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം ഏത് സമയത്തും കരാർ റദ്ദാക്കാനുള്ള അധികാരം പ്രിൻസിപ്പാളിൽ നിക്ഷിപ്തമായിരിക്കും. ലിസ്റ്റിൽ ഉൾപ്പെടാത്ത ഏതെങ്കിലും ഇനം കൂടുതലായി വിൽപ്പന നടത്താൻ ഉദ്ദേശിക്കുന്നുവെങ്കിൽ അതിന്റെ അളവ്, എണ്ണം, നിരക്ക് എന്നിവ മുൻകൂട്ടി ഓഫീസിൽ അറിയിച്ച് അനുവാദം വാങ്ങേണ്ടതാണ്.

16. കോളേജ് പ്രവൃത്തി ദിനങ്ങളിൽ എല്ലാ ദിവസവും കാന്റീന്റെ പ്രവർത്തിക്കേണ്ടതാണ്. പ്രവർത്തന സമയം രാവിലെ 6.00 മണി മുതൽ വൈകിട്ട് 8.00 മണി വരെയായിരിക്കും.

17. കോളേജ് കാമ്പസ് പ്ലാസ്റ്റിക് നിരോധിത മേഖലയായതിനാൽ ഹരിത പെരുമാറ്റ ചട്ടം പാലിക്കുന്നതിന് ഭക്ഷണ സാധനങ്ങൾ വിതരണം ചെയ്യുന്നതിന് പ്ലാസ്റ്റിക് വസ്തുക്കൾ ഉപയോഗിക്കാൻ പാടുള്ളതല്ല.

18. കാന്റീൻ കെട്ടിടം വൃത്തിയായും ഭംഗിയായും അണുമുക്തമായും സൂക്ഷിക്കേണ്ടതും മാലിന്യമുക്തമാക്കേണ്ടതുമാണ്.

19.കരാറുകാരൻ കാന്റീൻ ജീവനക്കാരെ സ്വന്തം ഉത്തരവാദിത്വത്തിൽ നിയമിക്കേണ്ടതാണ്. കാന്റീൻ ജോലിക്കായി കുട്ടികളെ ഉപയോഗിക്കാൻ പാടില്ല. കാന്റീൻ ജീവനക്കാർ വ്യക്തിത്വപരമായും ശുചിത്വം പാലിക്കേണ്ടതും, ഭക്ഷണ വിതരണത്തിന് ആരോഗ്യ വകുപ്പ് വിഭാഗം അനുശാസിക്കുന്ന രീതിയിലുള്ള യൂണിഫോം ധരിക്കേണ്ടതുമാണ്.ആരോഗ്യ വകുപ്പിൽ നിന്നും കാൻറീൻ ജീവനക്കാരുടെ Health Certificate കരാറുകാരൻ/കരാറുകാരി/സ്ഥാപനം കരസ്ഥമാക്കേണ്ടതും പകർപ്പ് ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്.

20. കാന്റീനിലെ വൈദ്യുതി, വെള്ളം മുതലായവ ഉപയോഗിച്ച് കോളേജിന് പുറമെയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്നത് കരാർ ലംഘനമായി ഗണിക്കുന്നതും കരാർ റദ്ദാക്കുന്നതുമായിരിക്കും.

21.കാന്റീൻ നടത്തിപ്പിന് കരാർ ലഭിച്ച കരാറുകാരൻ/സ്ഥാപനം നേരിട്ട് നടത്തുകയല്ലാതെ മറ്റൊരു വ്യക്തിക്കോ സ്ഥാപനത്തിനോ കാന്റീൻ മേൽ വാടകക്കോ നടത്തിപ്പിനോ കൈമാറുവാൻ പാടുള്ളതല്ല.

22. കാന്റീനിൽ മദ്യം, പുകവലി, മറ്റ് ലഹരി പദാർത്ഥങ്ങൾ എന്നിവ പൂർണ്ണമായും നിരോധിച്ചിട്ടുള്ളതാണ്.

23. പോളിടെക്നിക് കോളേജിൽ പഠനം നടന്നുകൊണ്ടിരിക്കുന്ന അവസരങ്ങളിൽ കാന്റീനിൽ വിദ്യാർത്ഥികളെ അത്യാവശ്യത്തിനല്ലാതെ തങ്ങുന്നത് അനുവദിക്കാൻ പാടുള്ളതല്ല.

24. ഭക്ഷണ സാധനങ്ങളുടെ വിലവിവരപ്പട്ടിക വിദ്യാർത്ഥികൾക്കും കോളേജ് ജീവനക്കാർക്കും പൊതുജനങ്ങൾക്കും ദൃശ്യമാകുന്ന വിധത്തിൽ കാന്റീനിൽ പ്രദർശിപ്പിക്കേണ്ടതാണ്.

25. കാന്റീൻ മാലിന്യങ്ങൾ കരാറുകാരൻ സ്വന്തം നിലയിൽ (ജൈവ,അജൈവ,പ്ലാസ്റ്റിക് മാലിന്യങ്ങൾ പ്രത്യേകം തരം തിരിച്ച്) നീക്കം ചെയ്യേണ്ടതാണ്. കാന്റീനും അടുക്കളയും പരിസരങ്ങളും ശുചിത്വത്തോടെയും വൃത്തിയോടെയും നിലനിർത്തേണ്ടതാണ്.

26. കാന്റീൻ ജീവനക്കാർ കൈയ്യുറ,Chef Cap, Apron എന്നിവ ആവശ്യാനുസരണം നിർബന്ധമായും ധരിക്കേണ്ടതാണ്. ആഴ്ചയൊലിരിക്കൽ കാന്റീൻ അണുവിമുക്തമാക്കേണ്ടതാണ്.

27. കൊട്ടേഷൻ നിരക്ക് സമർപ്പിക്കുന്ന ലിസ്റ്റ് വ്യക്തതയുള്ളതും തിരുത്തലുകൾ ഉണ്ടാകാത്തതുമായിരിക്കണം.

28. അവസാന തീയ്യതിയായ 22.05.2024 ന് രാവിലെ 11.00 മണി വരെ പ്രിൻസിപ്പാളിന് ലഭ്യമാകുന്ന ക്വട്ടേഷനുകൾ അന്നേ ദിവസം 3 മണിക്ക് ഹാജരായവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമായിരിക്കും. വൈകിക്കിട്ടുന്ന ക്വട്ടേഷനുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. കൂടുതൽ വിവരങ്ങൾക്ക് പോളിടെക്നിക്ക് ഓഫീസുമായോ 04672234020, 9400006458 എന്ന നമ്പറിലോ ബന്ധപ്പെടുക.

GOVT. POLYTECHNIC COLLEGE
Date.............
PERIYA-671 320
KASARAGOD

പ്രിൻസിപ്പാൾ

PRINCIPAL
GOVT. POLYTECHNIC COLLEGE
KASARAGOD
PERIYA-671 320

## സർക്കാർ പോളിടെക്നിക്ക് കോളേജ് കാസറഗോഡ്
പെരിയ പി.ഒ

തീയ്യതി:

## കോളേജ് കാന്റീൻ ക്വട്ടേഷൻ

| ക്രമ നമ്പർ | ഇനങ്ങൾ | അളവ്/തൂക്കം | വില |
|---|---|---|---|
| 1 | സാധാരണ ചോറ് (ഊൺ) കൂടെ സാമ്പാർ, മീൻ കറി,തോരൻ, അച്ചാർ,മോര്/രസം | 500 ഗ്രാം | |
| 2 | ചായ | 150 മില്ലി | |
| 3 | കാപ്പി | 150 മില്ലി | |
| 4 | പാൽ | 150 മില്ലി | |
| 5 | കട്ടൻ ചായ | 150 മില്ലി | |
| 6 | സാധാരണ ദോശ-1 | 60ഗ്രാം +(ചട്ണി /സാമ്പാർ) | |
| 7 | ഇഡ്ഡലി-1 | 60ഗ്രാം +(ചട്ണി /സാമ്പാർ) | |
| 8 | നെയ് ദോശ-1 | 100 ഗ്രാം | |
| 9 | മസാല ദോശ-1 | 150 ഗ്രാം | |
| 10 | എണ്ണ പലഹാരങ്ങൾ | 70 ഗ്രാം | |
| 11 | ചപ്പാത്തി - 1 | 60ഗ്രാം | |
| 12 | പൊറോട്ട -1 | 75ഗ്രാം | |
| 13 | പുട്ട് - 1 | 75 ഗ്രാം | |
| 14 | വെള്ളയപ്പം - 1 | 75 ഗ്രാം | |
| 15 | പൂരി - 1 | 60ഗ്രാം | |
| 16 | ഇടിയപ്പം - 1 | 75 ഗ്രാം | |
| 17 | ഉപ്പ് മാവ് | 100 ഗ്രാം | |
| 18 | മുട്ടക്കറി | സ്റ്റാൻഡേർഡ് പ്ലേറ്റ് | |
| 19 | മുട്ട റോസ്റ്റ് | സ്റ്റാൻഡേർഡ് പ്ലേറ്റ് | |
| 20 | സ്പെഷൽ കറികൾ (പച്ചക്കറി) | സ്റ്റാൻഡേർഡ് പ്ലേറ്റ് | |
| 21 | സ്പെഷൽ കറികൾ (മീൻ കറി) | സ്റ്റാൻഡേർഡ് പ്ലേറ്റ് | |
| 22 | ചിക്കൻ ഫ്രൈ | സ്റ്റാൻഡേർഡ് പ്ലേറ്റ് | |
| 23 | മറ്റ് സ്പെഷൽ വിഭവങ്ങൾ | | |
| 24 | | | |
| 25 | | | |
| 26 | | | |
| 27 | | | |

ക്വട്ടേഷൻ സമർപ്പിക്കുന്നയാളുടെ ഒപ്പ്:

പേര്:

വിലാസം:

മൊബൈൽ നമ്പർ:

Approval Valid

Digitally Approved By
Narayana Naik P
Date: 07.05.2024
Reason: Approved